<u>മുഞ്ഞരോഗ ബാധയും ഇലപ്പുള്ളി രോഗവും</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, കുട്ടനാടൻ പാടശേഖരങ്ങളിലെ മുഞ്ഞ, ഇലപ്പുള്ളി, വരി രോഗബാധയാണ് ഞാൻ സബ്മിഷനായി അവതരിപ്പിക്കുന്നത്. കുട്ടനാട് നമ്മുടെ നെല്ലറയാണ്. കുട്ടനാടൻ പാടശേഖരങ്ങളിൽ ആശങ്കയുടെ കരിനിഴൽ വീഴ്ത്തികൊണ്ട് നെൽകൃഷിയെ ബാധിക്കുന്ന മുഞ്ഞ രോഗവും, ഇലപ്പുള്ളി രോഗവും വ്യാപകമായിരിക്കുകയാണ്. 35 പടശേഖരങ്ങളിലായി 10,000 ഹെക്ടറുകളിലാണ് മുഞ്ഞ ബാധയും ഇലപ്പുള്ളിരോഗവും വ്യാപിച്ചത്. പത്തുകോടി രൂപയുടെ നഷ്ടമാണ് ഇതുമൂലം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. മുഞ്ഞയും ഇലപ്പുള്ളി രോഗവും കൂടാതെ നെല്ലിനുണ്ടാകുന്ന വരി രോഗവും കുട്ടനാട്ടിൽ വ്യാപകമായി കാണപ്പെടുന്നുണ്ട്. കരിനില മേഖല എന്റെയും ശ്രീ. ജി. സുധാകരന്റെയും മണ്ഡലമായ അമ്പലപ്പുഴ, ഹരിപ്പാട് മേഖലകളിലാണ്. ഇവിടെ അസിഡിറ്റി വ്യാപകമാകുന്നതുകൊണ്ടാണ് കരിനില മേഖലയിൽ കൃഷിക്ക് പ്രശ്നമുണ്ടാകുന്നത്. എല്ലാ വർഷവും കക്കയിട്ട് അമ്ലം കുറച്ചാണ് കൃഷി ചെയ്യുന്നത്. അസിഡിറ്റി കൂടുതലുള്ള കരിനില മേഖലയിൽ മഴ നന്നായി ലഭിക്കാത്തതുകൊണ്ടാണ് ഇലപ്പുള്ളി രോഗം വ്യാപകമാകുന്നത്. ചൂട് കൂടുമ്പോൾ നെല്ലിന്റെ ഇല കരിഞ്ഞുണങ്ങുന്ന അവസ്ഥയാണ് ഇലപ്പുള്ളി രോഗം.

അതുപോലെ നെല്ലിന് കരിവുണ്ടാകുന്ന വരിയെന്ന രോഗവും കുട്ടനാടൻ പാടശേഖരങ്ങളിൽ വലിയ തോതിലുള്ള നാശം വിതച്ചിരിക്കുകയാണ്. ഇന്നലെ കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഇതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ആലപ്പുഴയിൽ യോഗം വിളിച്ചതായി അറിഞ്ഞു. മുഞ്ഞ, ഇലപ്പുള്ളി രോഗം മൂലം കൃഷി നശിച്ച കർഷകർക്ക് ഹെക്ടറിന് 30,000 രൂപ വച്ച് സഹായം നൽകുന്നുവെന്ന് പറഞ്ഞതായിട്ടാണ് പത്രവാർത്തകളിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചത്. ഈ തുക കുറഞ്ഞുപോയിയെന്ന് കർഷകർക്ക് അഭിപ്രായമുണ്ട്. ഏക്കറിന് 25,000 മുതൽ 50,000 രൂപ വച്ചെങ്കിലും കർഷകർക്ക് കൊടുത്താൽ മാത്രമേ ഈ പ്രതിസന്ധിയെ അതിജീവിക്കാൻ സാധിക്കു. കാരണം, ഒരേക്കർ കൃഷി ചെയ്യാൻ കുറഞ്ഞത് 30,000 രൂപയെങ്കിലും കർഷകർക്ക് ചെലവാകും. പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് ലഭിച്ചിരിക്കുന്ന റിപ്പോർട്ടിൽ ഏക്കറിന് ഏകദേശം 35,000 രൂപ വച്ചെങ്കിലും നൽകണമെന്നാണ് സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. കൃത്യസമയത്ത് മണ്ണ് പരിശോധന നടക്കുന്നില്ല എന്നതാണ് ഈ രോഗം വ്യാപിക്കാനുള്ള പ്രധാന കാരണമായി കർഷകർ പറയുന്നത്. അതോടൊപ്പം ഗുണമേന്മയുള്ള രോഗപ്രതിരോധ ശേഷിയുള്ള നെൽ വിത്തുകൾ കൂടുതൽ നൽകാൻ കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിലുള്ള മങ്കൊമ്പിലെ നെല്ല് പര്യവേഷണ കേന്ദ്രത്തിന് കഴിയുന്നില്ല.

ഇപ്പോൾ നാഷണൽ സീഡ്സ് കോർപ്പറേഷൻ, കർണ്ണാടക സീഡ്സ് കോർപ്പറേഷൻ എന്നിവർ നൽകുന്ന വിത്താണ് കുട്ടനാട്ടിലെ കർഷകർ ഉപയോഗിക്കുന്നത്. ആ വിത്തിന് പ്രതിരോധശേഷി താരതമ്യേന കുറവാണെന്നാണ് കർഷകർ പറയുന്നത്. പ്രതിരോധശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് വിതരണം ചെയ്യാൻ സർവ്വകലാശാല നടപടി സ്വീകരിക്കണം. അതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. രോഗം ബാധിച്ച പാടശേഖരങ്ങളുടെ നെല്ല് സംഭരിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷനോ സ്വകാര്യ മില്ലുകളോ തയ്യാറാകില്ലായെന്നുള്ളതാണ് കർഷകർ നേരിടുന്ന മറ്റൊരു പ്രശ്നം. ഇത്തരത്തിലുള്ള നെല്ല് കാലിത്തീറ്റയ്ക്ക് മാത്രമേ ഉപയോഗിക്കാൻ കഴിയൂ. ഇതുമൂലം കൃഷി ചെയ്യുന്ന കർഷകർ പട്ടിണിയിലും ബുദ്ധിമുട്ടിലുമായി മാറുകയാണ്. കുട്ടനാട്ടിലെ ജലാശയങ്ങളിലെ ജല മലിനീകരണം ഭയാനകമായ നിലയിൽ വർദ്ധിക്കുകയാണ്. മനുഷ്യ വിസർജ്ജങ്ങൾ വെള്ളത്തിൽ കലരുന്നതും പോളകളും പായലുകളും ചീയുന്നതും ജല മലിനീകരണം സൃഷ്ടിക്കുന്നുണ്ട്. ഇറിഗേഷൻ വകുപ്പും കൃഷി വകുപ്പും തമ്മിലുള്ള ശീതസമരം അവസാനിപ്പിച്ചാൽ മാത്രമേ കുട്ടനാടൻ ജലാശയങ്ങളിലെ മലിനീകരണം തടഞ്ഞ് വൃത്തിയാക്കാൻ കഴിയുകയുള്ളൂ. 140 കോടി രൂപയാണ് കുട്ടനാടൻ പാക്കേജിൽ

ജലാശയങ്ങളുടെ ശുചീകരണത്തിനായി നീക്കിവച്ചിരിക്കുന്നത്. എന്നാൽ ഈ രണ്ട് വകുപ്പുകളുടെ ഏകോപനമില്ലായ്മമൂലം ഇത് നടക്കുന്നില്ല. ക്യാൻസർ രോഗം ഏറ്റവും കൂടുതലുള്ളത് കുട്ടനാട്ടിലെ കൈനകരി, നീലംപേരൂർ പഞ്ചായത്തുകളിലാണെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. മലിനീകരണം ആവാസ വ്യവസ്ഥയെ മുഴുവൻ ബാധിക്കുമ്പോൾ കാർഷിക മേഖലയ്ക്കും അതിൽ നിന്നും രക്ഷപ്പെടാൻ കഴിയില്ല. കുട്ടനാട്ടിലെ കാർഷിക പ്രതിസന്ധിക്ക് ജല മലിനീകരണത്തിനും വലിയ പങ്കുണ്ട്. മുഞ്ഞ ബാധ ഉൾപ്പെടെയുള്ള കാർഷിക രോഗങ്ങൾ തടയുന്നതിന് നമ്മുടെ കാർഷിക സർവ്വകലാശാലയ്ക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും. രോഗ പ്രതിരോധശേഷിയുള്ള വിത്തുകൾ വികസിപ്പിക്കാൻ കൃത്യമായും മണ്ണ് പരിശോധന നടത്തുക, രാസവളങ്ങൾ ഉപയോഗിച്ച് പ്രകൃതിദത്തമായ പ്രതിരോധശേഷി ഇല്ലാതാക്കുന്നത് തടയുക ഇതിനെല്ലാം കൃഷി വകുപ്പ് പഠനം നടത്തി വേണ്ട കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി മുഞ്ഞ ബാധയുണ്ടായ സ്ഥലങ്ങൾ സന്ദർശിച്ചിരുന്നു. അതിനുശേഷം ഞാനും അവിടെ പോയിരുന്നു. കർഷകരെ സംബന്ധിച്ചിടത്തോളം വളരെ അധികം ആശങ്കയിലാണ്. ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന ആനുകൂല്യം പോര. പ്രിൻസിപ്പിൽ കൃഷി ഓഫീസർ നിർദ്ദേശിച്ചിരിക്കുന്ന തുകയെങ്കിലും, കർഷകർക്ക് കുറഞ്ഞത് ഏക്കറിന് 35,000-50,000 രൂപയ്ക്ക് ഇടയിൽ സഹായമായി നൽകണം.

കരിനില കർഷകർക്കും അപ്പർ കുട്ടനാടൻ മേഖലയിലെ കർഷകർക്കും ഈ സഹായം ലഭ്യമാക്കണമെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, നോട്ടീസ് നൽകിയിട്ടുള്ള കാര്യങ്ങൾക്കുപുറമെ പല കാര്യങ്ങളും അങ്ങ് ഇവിടെ പറയുകയുണ്ടായി. കുട്ടനാട് പ്രദേശത്തുണ്ടായിരിക്കുന്ന ഈ രോഗം വളരെ ഗൗരവമായാണ് ഗവൺമെന്റ് കാണുന്നത്. കൃഷി വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട അങ്ങും അവിടത്തെ എം.എൽ.എ.മാരും എല്ലാം കൃഷിക്കാരുടെ ഈ പ്രദേശങ്ങൾ സന്ദർശിക്കുകയുണ്ടായി. ഇതിന്റെ നടപടിക്രമങ്ങൾ പഠിക്കാൻ വേണ്ടി മങ്കൊമ്പിലെ ഗവേഷണ കേന്ദ്രത്തെ നിയോഗിക്കുകയും അതിന്റെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിക്കുകയും ചെയ്തു. ഞാൻ അതിന്റെ വിശദാംശം വായിക്കാം.

ആലപ്പുഴ ജില്ലയിലെ കുട്ടനാട് പ്രദേശത്ത് രണ്ടാം കൃഷിയിറക്കിയ 10066 (പതിനായിരത്തി അറുപത്താറ്) ഹെക്ടറിൽ മുഞ്ഞയുടെ ആക്രമണം മൂലം 2430 ഹെക്ടർ പ്രദേശത്തെ നെൽക്കൃഷി ഭീഷണിയിലാണ്. ഇതിൽ 250 ഹെക്ടർ പ്രദേശത്തെ നെൽക്കൃഷി പൂർണ്ണമായും, 115 ഹെക്ടർ പ്രദേശത്തെ

നെൽക്കൃഷിയിൽ 50 ശതമാനത്തിലധികവും നശിച്ചുപോയിട്ടുണ്ട്. ഇതിനുപുറമെ പുറക്കാട് - കരിനില മേഖലകളിൽ ആകെ കൃഷിയിറക്കിയ 2450 ഹെക്ടർ പാടശേഖരത്തിൽ ഇലപ്പുള്ളിരോഗം മൂലം 450 ഹെക്ടർ സ്ഥലത്തെ നെൽക്കൃഷി പൂർണ്ണമായും നശിച്ചുപോകുകയുണ്ടായി. കൊയ്ത്തിന് ഒരു മാസം ബാക്കിനിൽക്കെയാണ് രൂക്ഷമായ അമ്ലത്വവും ചൂടിന്റെ ആധിക്യവും മഴയുടെ കുറവുംമൂലം നെൽച്ചെടിക്ക് വ്യാപകമായ ഇലപ്പുള്ളിരോഗം പടർന്ന് പിടിച്ചിട്ടുള്ളത്. ഇലപ്പുള്ളി രോഗംമൂലം കരിനില മേഖലയിൽ ഇനിയും നാശനഷ്ടം കൂടാനാണ് സാധ്യത. കുട്ടനാട്ടിൽ രണ്ടാം കൃഷിയിൽ വരിനെല്ലിന്റെ ആധിക്യംമൂലം മൂവായിരത്തോളം ഹെക്ടർ പ്രദേശത്തെ ഉല്പാദനത്തിൽ ഗണ്യമായ കുറവുണ്ടാകും. ഏകദേശം 70 ഹെക്ടർ സ്ഥലത്ത് 50 ശതമാനം മുതൽ 100 ശതമാനം വരെ വിളനഷ്ടം രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്ത നെൽപ്പാടത്ത് കൃഷിനാശം സംഭിവിച്ചാൽ കൃഷിക്കാർക്ക് ഹെക്ടറിന് 12500 രൂപ മാത്രമെ ലഭിക്കുകയുള്ളൂ. ഈ തുക തികച്ചും അപര്യാപ്തമാണ്. മുൻകാലങ്ങളിൽ ഇത്തരം നാശനഷ്ടമുണ്ടാകുന്ന അവസരങ്ങളിൽ മേൽപ്പറഞ്ഞ തുകമാത്രമാണ് നൽകിയിരുന്നത്. എന്നാൽ കൃഷിനാശം സംഭവിച്ച പാടശേഖരങ്ങളിൽ കൃഷി

വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും പ്രതിപക്ഷ നേതാവും സ്ഥലം എം.എൽ.എ.മാരുമടക്കം മറ്റ് ജനപ്രതിനിധികളും കൃഷിവകുപ്പ് ഉദ്യോഗസ്ഥന്മാരും നേരിട്ട് സന്ദർശനം നടത്തുകയുണ്ടായി. ഇതിനുപുറമെ കാർഷിക സർവ്വകലാശാലയിലെ മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ ഈ പ്രദേശത്ത് നടത്തിയ പഠന റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയുണ്ടായി. കുട്ടനാട് പാടശേഖരങ്ങളിലെ കൃഷിക്കാരുടെ ദുരവസ്ഥ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സംസ്ഥാന സർക്കാരിന്റെ ഇൻഷ്വറൻസ് പ്രകാരം ലഭ്യമാകുന്ന നഷ്ടപരിഹാര തുകയായ 12500 രൂപയ്ക്ക് പുറമെ 17500 രൂപകൂടി അധികം നൽകി ഹെക്ടറിന് മൊത്തം 30000 രൂപ വീതം നഷ്ടപരിഹാരം നൽകാൻ സർക്കാർ തീരുമാനമെടുത്ത് നടപടി സ്വീകരിച്ചുവരികയാണ്. പ്രസ്തുത തുകയിൽ നഷ്ടം സംഭവിച്ച കൃഷിക്കാർക്ക് 15000 രൂപ ഉടനെ നൽകുന്നതായിരിക്കും. കൃത്യമായി നഷ്ടം സംഭവിച്ചിട്ടുള്ള സ്ഥിതിവിവര കണക്ക് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി തുക നൽകുന്നതായിരിക്കും. കൃഷിവകുപ്പ് ഉദ്യോഗസ്ഥരും പാടശേഖര സമിതികളും സംയുക്തമായി വിശദമായ വിവര ശേഖരണം അതിവേഗം നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങ് അപര്യാപ്തമാണെന്ന് പറഞ്ഞ

കാര്യത്തോട് എനിക്ക് വിയോജിപ്പുണ്ട്. ഇതുപോല നഷ്ടം സംഭവിച്ച കൃഷിക്കാർക്ക് പ്രത്യേകിച്ച് നെൽക്കൃഷിക്കാർക്ക് ഇത്രയും വലിയ തുക ഇന്നുവരെ കേരളത്തിലെ ഒരു ഗവൺമെന്റും കൊടുത്തിട്ടില്ല. ആദ്യമായിട്ടാണ് ഒരു ഗവൺമെന്റ് ഇൻഷ്വറൻസിന് പുറമെ 17500 രൂപ അധികമായി കൊടുക്കുന്നത്. 4500 രൂപയിൽക്കൂടുതൽ ഒരിക്കലും കൊടുത്തിട്ടില്ല. ഇതുപോലെ നഷ്ടമുണ്ടായ സമയത്ത് മുമ്പ് കൊടുത്തതിന്റെ നാലിരട്ടിയിലധികം രൂപയാണ് ഇപ്പോൾ കൊടുത്തിരിക്കുന്നത്. ഇലപ്പുള്ളി രോഗം ബാധിച്ച സ്ഥലത്തെ നെല്ല് എടുക്കാൻ കഴിയില്ലെന്ന് അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. അത് കന്നുകാലിത്തീറ്റക്കുവേണ്ടി മാത്രമെ ഉപയോഗിക്കാൻ കഴിയുകയുള്ളൂ. മുൻകാലങ്ങളിലും ഇതുപോല പ്രശ്നം വന്നപ്പോൾ കാലിത്തീറ്റക്കുവേണ്ടി ഉപയോഗിച്ച ചരിത്രമുണ്ട്. ആ രീതിയിൽ കാലിത്തീറ്റയ്ക്കുവേണ്ടി എടുക്കുന്നതിനെ സംബന്ധിച്ച് റിപ്പോർട്ട് ചോദിച്ചിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

അങ്ങ് സൂചിപ്പിച്ചതുപോലെ ഇറിഗേഷൻ വകുപ്പും കൃഷി വകുപ്പും തമ്മിൽ ഒരു ശീത സമരമൊന്നും അവിടെ ഇപ്പോൾ നിലവിലില്ല. ഒരു കോ-ഓർഡിനേഷനില്ലാഞ്ഞതാണ് കുട്ടനാട് പാക്കേജ് പരാജയപ്പെടാൻ

കാരണം. ഗവൺമെന്റ് അത് വളരെ ഗൗരവമായി കാണുകയും ഇറിഗേഷൻ വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും മന്ത്രിമാർ സംയുക്തമായി ആലോചിക്കുകയും രണ്ട് വകുപ്പിന്റെയും ഏകോപനം സംബന്ധിച്ച കാര്യത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. കൃഷിക്കുവേണ്ടിയാണ് ഇറിഗേഷൻ വകുപ്പ് എന്ന നിലയിലുള്ള ഒരു സമീപനമാണ് അവിടെയുണ്ടായിരുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇടപെട്ട് നല്ല രീതിയിലുള്ള ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇപ്പോൾ അവിടെ ഒരു കോ-ഓർഡിനേഷൻ നിലനിൽക്കുന്നില്ലെന്ന് ഗവൺമെന്റിന് പറയാൻ കഴിയില്ല.

മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ വളരെ നല്ല പ്രവർത്തനമാണ് നടന്നുകൊണ്ടിരിക്കുന്നത്. അത് ഈ നാല് മാസം കൊണ്ട് ആരംഭിച്ചതല്ല. അതിനുമുമ്പേ നല്ലതുപോലെ ഗവേഷണം നടക്കുന്ന ഒരു സ്ഥാപനമാണ്. ഇവിടെ ലഭിച്ചുകൊണ്ടിരിക്കുന്ന നെൽവിത്ത് മറ്റ് സ്റ്റേറ്റുകളിൽ നിന്നാണെന്ന് ഇവിടെ പറഞ്ഞു. അത് എൻ.എസ്.സി.യുടെ (നാഷണൽ സീഡ് കോർപ്പറേഷൻ) വിത്താണ്. ഇവിടത്തെ കൃഷിക്കാർക്ക് ഏറ്റവും കൂടുതൽ

താല്പര്യമുള്ളത് ആ വിത്താണ്. അത് നമുക്ക് ലഭ്യമാകുന്നുണ്ട്. സ്റ്റേറ്റ് സീഡ് അതോറിറ്റിയും ഏറ്റവും മികച്ച തരത്തിലുള്ള വിത്താണ് കൊടുത്തുകൊണ്ടിരിക്കുന്നത്. ആ വിത്തിനെ സംബന്ധിച്ച് യാതൊരു പരാതിയും ഇതുവരെ രേഖാമൂലം സർക്കാരിന് ലഭിച്ചിട്ടില്ല. വിത്തിന്റെ ഗുണമേന്മയെ സംബന്ധിച്ച് പരാതിയുണ്ടെങ്കിൽ ആ പരാതി പരിഹരിച്ചുകൊണ്ട് ഗവേഷണ സ്ഥാപനമായ കേരള കാർഷിക സർവ്വകലാശാല തന്നെ കൂടുതൽ മികച്ച പ്രതിരോധശേഷിയുള്ള വിത്ത് ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികളെടുക്കണമെന്ന് അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ജ്യോതിയും ഉമയും ഉൾപ്പെടെയുള്ള നെൽവിത്തുകൾക്ക് ഗുണമേന്മ കുറഞ്ഞുവരുന്നതായി കൃഷിക്കാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. നെന്മണി എന്നൊരു പുതിയ വിത്ത് കൃഷിക്കാർ ഇപ്പോൾ ധാരാളമായി ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. അതിന് കൂടുതൽ പ്രതിരോധശേഷിയുള്ളതാണെന്ന് കൃഷിക്കാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുകയാണ്.

കുട്ടനാടൻ പ്രദേശത്തെ കൃഷിക്കാർ നേരിട്ടുകൊണ്ടിരിക്കുന്ന ഈ ഗുരുതരമായ പ്രശ്നത്തിൽ ഗവൺമെന്റും കൃഷിവകുപ്പും വ്യക്തമായ രീതിയിലുള്ള സഹായ സംവിധാനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അവിടെ ഇന്നലെ

ഞാൻ വിളിച്ചുകൂട്ടിയ യോഗം ഇതുമായി ബന്ധപ്പെട്ടുള്ളതല്ല. അവിടത്തെ പുഞ്ചക്കൃഷിയുമായി ബന്ധപ്പെട്ട മുന്നൊരുക്കത്തിന്റെ ഭാഗമായി വിത്ത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ലഭ്യമാകുമെന്ന് ഉറപ്പുവരുത്താനുള്ള മീറ്റിംഗായിരുന്നു അത്. ആ മീറ്റിംഗിലും ഇക്കാര്യം ഗൗരവമായി ചർച്ച നടത്തി. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

## കുടിവെള്ള പദ്ധതികൾ

ശ്രീമതി പി. അയിഷാ പോറ്റി: സർ, എന്റെ മണ്ഡലത്തിൽക്കൂടി ഉൾപ്പെട്ട കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മീനാട് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മെയിൻ പൈപ്പും ജലം സ്റ്റോർ ചെയ്യുന്ന ടാങ്കും എന്റെ മണ്ഡലത്തിൽപ്പെട്ട ഉമ്മന്നൂർ പഞ്ചായത്തിലാണ്. ഈ പൈപ്പ് കടന്നുപോകുന്നത് ഉമ്മന്നൂർ -വെളിയം പഞ്ചായത്തുകളിലൂടെയാണ്. ഈ രണ്ട് പഞ്ചായത്തുകളും കഠിനമായ കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളാണ്. ഈ പദ്ധതിയിലൂടെ വെള്ളം സ്റ്റോർ ചെയ്യുകയും കഴിഞ്ഞ ഉണക്കുകാലത്ത് ഇവിടത്തെ ടാങ്കിൽനിന്നും ചുറ്റുവട്ടത്തുള്ള എല്ലാ പഞ്ചായത്തുകളിലെയും ടാങ്കുകളിൽ വെള്ളം വിതരണം ചെയ്തുകൊണ്ടിരുന്ന ഒരു സംവിധാനം കൂടിയാണ്. ഈ പൈപ്പുകൾവഴി

വിതരണ പൈപ്പുകൾ സ്ഥാപിച്ചുകൊണ്ട് ആവശ്യക്കാർക്ക് മുഴുവൻ വെള്ളം കൊടുക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണം. വിതരണ പൈപ്പുകൾ സ്ഥാപിച്ചുകൊണ്ട് വെളിയം - ഉമ്മന്നൂർ പഞ്ചായത്തുകളിലെ മുഴുവൻ കുടിവെള്ള പ്രശ്നങ്ങളും പരിഹരിക്കാൻ സാധിക്കും. അത് വേഗത്തിൽ പരിഹരിക്കണമെന്നുള്ളതാണ് ഒരു കാര്യം.

രണ്ടാമത്, എന്റെ മണ്ഡലത്തിലെ മൈലം പഞ്ചായത്തിൽ ഒരു അന്തമൺ കുടിവെള്ള പദ്ധതി 85 ശതമാനം പൂർത്തിയാക്കിയിട്ട് ഉപേക്ഷിച്ചുകളഞ്ഞ ഒരു സ്ഥിതിയുണ്ട്. വാട്ടർ അതോറിറ്റിവഴിയാണ് അത് ചെയ്തത്. ഇത്തരത്തിലുള്ള ഉപേക്ഷകൾ ഈ പദ്ധതിയെത്തന്നെ ഇല്ലാതാക്കും. നമ്മുടെ പൊതുപണം ധാരാളം ദുർവിനിയോഗം ചെയ്യുന്ന സ്ഥിതിയിലേയ്ക്ക് എത്തും. ഈ പദ്ധതി പൂർത്തീകരിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

കുളക്കട പഞ്ചായത്തിൽ വാട്ടർ അതോറിറ്റി വഴി ഒരു വലിയ കിണർ കുഴിച്ചിട്ടുണ്ട്. അവിടെ ഇപ്പോൾ മദ്യക്കുപ്പികൾ കൊണ്ടിടുകയും കാട് മൂടിക്കിടക്കുകയും ചെയ്യുന്ന ഒരു സ്ഥിതിയാണ്. അത് ഉപയോഗയോഗ്യമാക്കാനുള്ള പല ഇടപെടലുകൾ നടത്തിയിട്ടും നടന്നിട്ടില്ല. അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

ഏറ്റവും വലിയൊരു പ്രശ്നമാണ് മൈലം - തലവൂർ കുടിവെള്ള പദ്ധതി. വടക്കേക്കര, പട്ടാഴി, മൈലം, തലവൂർ എന്നീ നാല് പഞ്ചായത്തുകൾക്ക് കുടിവെള്ളം കൊടുക്കാനുള്ള ഏറ്റവും ബ്രഹത്തായ പദ്ധതിയാണിത്. മൈലം പഞ്ചായത്തിൽ അതിന് ടാങ്ക് കെട്ടിയിട്ടുണ്ട്. അതിന്റെ വിതരണ പൈപ്പുകളും മൈലം പഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് പഞ്ചായത്തുകളിൽക്കൂടി പൈപ്പ് ഇടാൻ കഴിയാത്ത ഒരവസ്ഥ സങ്കുചിതമായ ഒരു ചിന്താഗതിയിലൂടെ വന്നിട്ടുണ്ട്. ഇതൊരു പൊതുവായ പദ്ധതിയാണ്. പൊതുജനങ്ങളുടെ ടാക്സ് ഉപയോഗിച്ചാണ് ഇത് ചെയ്യുന്നത്. അതുകൊണ്ട് അത്തരത്തിലുള്ള നടപടികളിൽ നിന്നും പന്മാറിക്കൊണ്ട് ഈ പദ്ധതി വേഗത്തിലാക്കാനുള്ള ഇടപെടൽ നടത്തണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, മീനാട് ജപ്പാൻ കുടിവെള്ള പദ്ധതിയിലൂടെ കൊല്ലം ജില്ലയിലെ പരവൂർ മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും 93 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ

ശാല, വിവിധ പഞ്ചായത്തുകളിലായി 25.02 ദശലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള 14 ജല സംഭരണികൾ, 80 കിലോമീറ്റർ ദൈർഘ്യമുള്ള ട്രാൻസ്മിഷൻ പൈപ്പ് ലൈനുകൾ എന്നിവയും വിതരണ ശൃംഖല ഭാഗികമായും പൂർത്തിയാക്കിയിട്ടുണ്ട്. 963 കിലോമീറ്ററാണ് വിതരണ ശൃംഖല. അതിൽ 817 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. 238 കിലോമീറ്റർ പൈപ്പ് ലൈനിൽക്കൂടി ജലവിതരണം നടത്തിവരുന്നു. ഇതിനോടകം 20567 വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഇനിയും 146 കിലോമീറ്റർ പൈപ്പ് ലൈൻകൂടി പുതിയതായി സ്ഥാപിക്കാനുണ്ട്. നേരത്തെ സ്ഥാപിച്ചിരുന്ന ബാക്കി ലൈനുകൾ ചാർജ്ജ് ചെയ്യുന്നതിനും കമ്മീഷൻ ചെയ്യുന്നതിനുമായി കെ.എസ്.ടി.പി., പി.ഡബ്ല്യൂ.ഡി. തുടങ്ങിയ വകുപ്പുകളുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് ശേഷിക്കുന്ന പണി പൂർത്തിയാക്കി വിതരണം നടത്താൻ നടപടി സ്വീകരിക്കുന്നതാണ്.

മൈലം പഞ്ചായത്തിലെ അന്തമൺ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി പമ്പ് ഹൗസ്, വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണം, പമ്പ് ഹൗസിലേയ്ക്കുള്ള വൈദ്യുതീകരണം, പൈപ്പുകളുടെ കൂട്ടിയോജിപ്പിക്കൽ എന്നീ പ്രവൃത്തികൾ നടത്തേണ്ടതായിട്ടുണ്ട്. ഈ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ്

എടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. നിലവിലുള്ള പൈപ്പുകൾ ഉപയോഗയോഗ്യമാണോ എന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്. നിലവിൽ മൈലം പഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള രാജീവ് ഗാന്ധി കുടിവെള്ള പദ്ധതികൾ മുടങ്ങിക്കിടക്കാതെ മുന്നോട്ടുപോകുന്നുമുണ്ട്. ചില പഞ്ചായത്തുകളിലൂടെ ലൈൻ ഇടുന്നതിന് പഞ്ചായത്തിലെ ജനങ്ങളും ജനപ്രതിനിധികളും ചില തർക്കങ്ങൾ പറയുന്നുണ്ട്. അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വരൾച്ച സമയത്ത് കുടിവെള്ള വിതരണം സുഗമമാക്കുന്നതിന് പൈപ്പ് ലൈനുകൾക്കും പമ്പ് സെറ്റുകൾക്കും വരുന്ന അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കും. വാൽവുകൾ നിയന്ത്രിച്ച് എല്ലാ മേഖലകളിലും കുടിവെള്ളം ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പക്ഷം ടാങ്കർ ലോറികളിൽ കിയോസ്കുകളെത്തിച്ച് നൽകുന്നതിനുമുള്ള നിർദ്ദേശം നൽകുന്നതാണ്.

## പെരിയാർ-വാലി കനാൽ

ശ്രീ. വി. പി സജീന്ദ്രൻ: സർ, എറണാകുളം ജില്ല വരൾച്ച ബാധിത ജില്ലയായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഞാൻ ഇവിടെ ഉന്നയിക്കുന്ന

സബ്മിഷൻ എന്റെ നിയോജകമണ്ഡലത്തിൽ മാത്രമല്ല, എറണാകുളം ജില്ലയിലെ അങ്കമാലി, പിറവം, കോതമംഗലം, മൂവാറ്റുപുഴ, പെരുമ്പാവൂർ, ആലുവ, കുന്നത്തുനാട് എന്നീ ഏഴ് നിയോജകമണ്ഡലങ്ങളെക്കൂടി ബാധിക്കുന്ന അതിരൂക്ഷമായ ഒരു പ്രശ്നമാണ്. ഇപ്പോൾ കുന്നത്തുനാട് താലൂക്കിലും പരിസരപ്രദേശങ്ങളിലും അതിരൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ടായിരിക്കുകയാണ്. കുടിവെള്ളത്തിനും കൃഷിക്കും ഇവിടെയുള്ള പ്രദേശവാസികൾ പെരിയാർ-വാലി കനാലിനെയാണ് ആശ്രയിച്ചുകൊണ്ടിരിക്കുന്നത്. പെരിയാർ-വാലി കനാലിൽ വെള്ളം തുറന്നുവിടാത്തതുമൂലം കൃഷിക്കും കുടിവെള്ളത്തിനും ആ പ്രദേശത്തെ ജനങ്ങൾ അതിഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. കർഷകരെ രക്ഷിക്കുവാനും ചെറുകിട കുടിവെള്ള പദ്ധതികളൊക്കെ പ്രവർത്തിപ്പിക്കുവാനും പെരിയാർ-വാലി കനാൽ തുറന്നുവിടണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. കഴിഞ്ഞ ദിവസം ഡി.ഡി.സി. മീറ്റിംഗിലും മറ്റും ഈ പ്രശ്നം ഉന്നയിച്ചപ്പോൾ പെരിയാർ-വാലിയുടെ ഉദ്യോഗസ്ഥർ ഭൂതത്താൻകെട്ടിലെ ഷട്ടറിന്റെ മെയിന്റനൻസ് പണി നടക്കുന്നുവെന്നുള്ള

കാരണമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്നാൽ ഈ ഷട്ടറിന്റെ പണി വളരെ താമസമുണ്ടാക്കുകയാണ്. ഇപ്പോൾ കിട്ടിയ റിപ്പോർട്ടനുസരിച്ച് ഭൂതത്താൻകെട്ട് ഷട്ടറിന്റെ പണി ജനുവരി മാസത്തിൽ പൂർത്തിയാകുമെന്നാണ് അറിയാൻ കഴിഞ്ഞത്. ജനുവരി മാസത്തിൽ പെരിയാർ-വാലി കനാൽ തുറന്നാൽ ഈ പ്രദേശങ്ങളെല്ലാം മരുഭൂമിയായി മാറുമെന്നും അതിരൂക്ഷമായ കുടിവെള്ള പ്രശ്നം അഭിമുഖീകരിക്കേണ്ടി വരുമെന്നും ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഭൂതത്താൻകെട്ടിലെ ഷട്ടറിന്റെ മെയിന്റനൻസ് പണി താല്ക്കാലികമായി നിർത്തിവച്ച് പെരിയാർ-വാലി കനാൽ തുറന്നുവിട്ട് ഈ പ്രശ്നത്തിന് താല്ക്കാലികമായി പരിഹാരമുണ്ടാക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): സർ, പെരിയാർ-വാലി ജലസേചന പദ്ധതിയുടെ കനാലുകളിലൂടെയുള്ള ജലവിതരണം സാധാരണ നവംബർ മാസം ആദ്യവാരമാണ് ആരംഭിക്കാറുള്ളത്. ലോകബാങ്കിന്റെ സഹായത്തോടെ ഈ വർഷംതന്നെ

ഭൂതത്താൻകെട്ട് ബാരേജിന്റെ തൂണുകളുടെയും ഷട്ടറിന്റെയും അടിയന്തര അറ്റകുറ്റപ്പണികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ജലവിതരണത്തിനായി ബാരേജിൽ വെള്ളം സംഭരിച്ചാൽ ഈ പണികൾ തുടരാൻ കഴിയുകയില്ല. ലോകബാങ്കിന്റെ സഹായത്തോടെയുള്ള പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. അതുകൊണ്ട് കനാലുകളിലൂടെയുള്ള ജലവിതരണം ഈ വർഷം ഡിസംബർ അവസാന വാരത്തോടെ തുടങ്ങാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ഈ വർഷത്തിൽ തുലാവർഷവും പ്രതീക്ഷിച്ചത്ര രീതിയിൽ ലഭിക്കാത്തതുമൂലമുള്ള ജലക്ഷാമം കണക്കിലെടുത്തുകൊണ്ട് ഒക്ടോബർ 28 മുതൽ ബാരേജിൽ ജലം ശേഖരിച്ച് നവംബർ ആദ്യവാരത്തോടുകൂടി കനാലിലൂടെ വെള്ളം തുറന്നുവിടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ )

## കരിമ്പു കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, ചെങ്ങന്നൂർ താലൂക്കിലെ കരിമ്പുകൃഷിക്കാരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മറയൂർ ശർക്കര പോലെതന്നെ ഏറ്റവും പ്രസിദ്ധമായതും ഡിമാന്റുള്ളതുമാണ് ചെങ്ങന്നൂരിൽ ഉത്പാദിപ്പിക്കുന്ന ശർക്കര. ഒരു കാലത്ത് മധ്യതിരുവിതാംകൂറിലെ ഏറ്റവും പ്രശസ്തമായ കരിമ്പുകൃഷി കേന്ദ്രങ്ങളായിരുന്നു ചെങ്ങന്നൂർ, മാവേലിക്കര, പന്തളം, തിരുവല്ല തുടങ്ങിയ പ്രദേശങ്ങൾ. അവിടെ രണ്ട് ഷുഗർ ഫാക്ടറികൾ പ്രവർത്തിച്ചിരുന്നു. അവ പന്തളത്തുള്ള മന്നം ഷുഗർ മില്ലും ട്രാവൻകൂർ ഷുഗർ മില്ലുമായിരുന്നു. അവിടെ അസംസ്കൃത കരിമ്പ് ലഭിച്ചിരുന്നു. ഇന്ന് അതെല്ലാം നാമാവശേഷമായി. എന്നാൽ ചെങ്ങന്നൂരിൽ തിരുവമണ്ടൂർ- പാണ്ടനാട് പ്രദേശത്ത് ഇപ്പോഴും കരിമ്പുകൃഷി ചെയ്യുന്നുണ്ട്. അവർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും നാളിതുവരെ ലഭിച്ചിട്ടില്ല. കൃഷി ഡിപ്പാർട്ടുമെന്റിന്റെ വെബ്സൈറ്റിൽ

പോലും അവിടെ കരിമ്പുകൃഷി നടത്തുന്നതായി അറിയില്ല. അതുകൊണ്ട് കൃഷിക്കാർ കുറെക്കാലമായി അവർക്ക് സർക്കാരിന്റെ സഹായം വേണമെന്നുള്ള ആവശ്യം ഉന്നയിക്കുന്നുണ്ട്. എന്നാൽ അവരുടെ ആവശ്യം ഇതേവരെ പരിഗണിച്ചിട്ടില്ല. മധ്യതിരുവിതാംകൂറിലെ ക്ഷേത്രങ്ങളിലേയ്ക്കായാലും ഉത്സവങ്ങൾക്കായാലും ശർക്കര വളരെ ഡിമാന്റുള്ളതാണ്. തിരുവമണ്ടൂർ-പാണ്ടനാട് പഞ്ചായത്ത് ഉത്പാദിപ്പിക്കുന്ന ശർക്കരയും, അതുമായി ബന്ധപ്പെട്ട് ഒട്ടേറെ കൃഷിക്കാർ കൃഷി ചെയ്യുന്നുണ്ട്. എന്നാൽ അവർക്ക് ഒരു സഹായവും കിട്ടാത്ത സ്ഥിതിക്ക് കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തി അവർക്ക് ആവശ്യമായ സഹായം ചെയ്തുകൊടുത്ത് ആ കൃഷിക്കാരെ സഹായിക്കണം. പരമ്പരാഗതമായ കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന ഒരു നയം ഈ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. വളരെ പ്രശംസനാർഹമായ രീതിയിൽ ആ പ്രവർത്തനം നടക്കുന്നതിനെ അനുമോദിക്കുന്നതിനോടൊപ്പം പാരമ്പര്യ കൃഷി നടത്തുന്ന കൃഷിക്കാരെ നിലനിർത്തുന്നതിനും അവരെ സഹായിക്കുന്നതിനും ആവശ്യമായ നടപടികൂടി സ്വീകരിക്കണമെന്ന

വിനയപൂർവ്വമായ അഭ്യർത്ഥനയാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കരിമ്പുകൃഷിക്കാർ ബഹുമാന്യനായ എം.എൽ.എ.യോടൊപ്പം എന്നെ വന്ന് കാണുകയും, അവർ ഓഫീസിൽ അത് കൊണ്ടുവരികയും ചെയ്തതാണ്. അവിടെ ഉത്പാദിപ്പിക്കുന്ന ശർക്കര വളരെ ഇഷ്ടമായിട്ടുള്ള ഒരു ശർക്കരയാണ്. കേരളത്തിൽ ഒരുകാലത്ത് കരിമ്പുകൃഷി പാലക്കാട്, മറയൂർ, ഇടുക്കി, ചെങ്ങന്നൂർ എന്നീ പ്രദേശങ്ങളിൽ വ്യാപകമായി ഉണ്ടായിരുന്നു. കൂടാതെ നിരവധി ഷുഗർ മില്ലുകളും ഉണ്ടായിരുന്നു. കാലക്രമേണ കരിമ്പുകൃഷി നാമാവശേഷമാകുകയും ചില പോക്കറ്റുകളിൽ മാത്രം കരിമ്പുകൃഷി നിലനില്ക്കുകയും ചെയ്യുകയാണ്. കൃഷിവകുപ്പിന്റെ വെബ്സൈറ്റിൽ പോലും കരിമ്പുകൃഷി ഇല്ലാത്ത സ്ഥിതിവിശേഷമുണ്ടായി എന്നുള്ളത് ഒരു വസ്തുതയാണ്. എന്നാൽ ഈ ഗവൺമെന്റ് കരിമ്പുകൃഷിയെ തിരിച്ചുകൊണ്ടുവരാനും കൃഷി വകുപ്പിന്റെ എല്ലാ പദ്ധതികളിലും ഉൾപ്പെടുത്താനും വേണ്ടിയുള്ള തീരുമാനമെടുത്ത കാര്യം ഞാൻ

അറിയിക്കുകയാണ്. കേരളത്തിൽ 2210.298 ഹെക്ടർ പ്രദേശത്താണ് കരിമ്പുകൃഷി ചെയ്തുവരുന്നത്. ഇതിൽ ഇടുക്കി ജില്ലയിൽ 1660 ഹെക്ടറിലും ആലപ്പുഴ ജില്ലയിൽ 45 ഹെക്ടറിലുമാണ് കരിമ്പുകൃഷി ചെയ്തുവരുന്നത്. ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ പ്രദേശങ്ങളിലെ കരിമ്പുകർഷകർ നേരിടുന്ന വിവിധതരം പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കാനായി, തൃശ്ശൂരിലെ ഉന്നത ഉദ്യോഗസ്ഥരോടൊപ്പം സ്ഥലം സന്ദർശിക്കുകയും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിലെ കർഷകർ ഉത്പാദിപ്പിക്കുന്ന മറയൂർ ശർക്കര മൂല്യവർദ്ധിത ഉല്പന്നമാക്കി ബ്രാൻഡ് ചെയ്ത് വിപണിയിലെത്തിച്ച് കരിമ്പുകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്ന നടപടി സ്വീകരിച്ചുവരികയാണ്. കർഷകർ രാസവളങ്ങൾ ഉപയോഗിക്കാതെ പരമ്പരാഗത രീതിയിൽ നിർമ്മിക്കുന്ന ഉന്നത ഗുണനിലവാരമുള്ള മറയൂർ ശർക്കര എന്ന പേരിൽ വ്യാജ ശർക്കര മാർക്കറ്റിൽ വരുന്നത് മറയൂർ ശർക്കര ഉത്പാദിപ്പിക്കുന്ന കർഷകരിൽ വലിയ ഭീഷണിയായി തീരുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ മറയൂരിലെ കാലാവസ്ഥയിലും മണ്ണിലും വളരുന്ന കരിമ്പിൽ നിന്നും

പതിറ്റാണ്ടുകളായി പരമ്പരാഗത രീതിയിൽ ഉത്പാദിപ്പിക്കുന്ന മറയൂർ ശർക്കരയ്ക്ക് Geographic Index നേടിക്കൊടുക്കാനുള്ള നടപടികൾ നടന്നുവരികയാണ്. ഇതുകൂടാതെ പാലക്കാട്, പന്തളം, ചെങ്ങന്നൂർ തുടങ്ങിയ പ്രദേശങ്ങളിലെ കരിമ്പുകൃഷി പ്രോത്സാഹിപ്പിക്കാനും കൃഷിക്കാരെ സഹായിക്കാനുമുള്ള പദ്ധതിക്ക് കൃഷിവകുപ്പ് രൂപം നൽകിക്കൊണ്ടിരിക്കുകയാണ്. കരിമ്പുകൃഷി വ്യാപനത്തിനായി ഇടുക്കി ജില്ലയിലെ പ്രോജക്ടുകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ RKVY-പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. നിലവിൽ കരിമ്പുകൃഷിക്കായുള്ള പ്രോജക്ടുകളൊന്നും ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ലഭ്യമായിട്ടുണ്ടായിരുന്നില്ല. പ്രോജക്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇടുക്കി ജില്ലയിലെന്നപോലെ RKVY-പദ്ധതിയിൽ ഉൾപ്പെടുത്തി കരിമ്പുകർഷകർക്ക് ആനുകൂല്യം നൽകുന്ന കാര്യം ഗവൺമെന്റ് തീരുമാനിക്കുന്നതാണ്. സംസ്ഥാന കൃഷി വകുപ്പിന്റെ വെബ്സൈറ്റായ www.agriculture.gov.in എന്ന ഹോം പേജിൽ നിന്നും കരിമ്പുകൃഷിയെപ്പറ്റിയുള്ള വിശദാംശങ്ങൾ ലഭ്യമാകുന്നതിനുള്ള ലിങ്ക്

നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്.

## ജീവനക്കാരുടെ അഭാവം

ശ്രീ. കാരാട്ട് റസാഖ്: സർ, 2009 ഒക്ടോബർ മാസം 5-ാം തീയതി കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് ആരംഭിച്ചിരിക്കുകയാണ്. ഈ വിദ്യാഭ്യാസ ഓഫീസിന്റെ കീഴിൽ 32 എയ്ഡഡ് സ്കൂളുകളും 18 ഗവൺമെന്റ് സ്കൂളുകളും അടക്കം 50 സ്കൂളുകളുണ്ട്. ഹൈസ്കൂളിലെ ഉച്ചഭക്ഷണം, ടെക്സ്റ്റ് ബുക്കുകൾ, കലാകായിക മത്സരങ്ങൾ എന്നിവയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് കൈകാര്യം ചെയ്യുകയാണ്. സമീപമുള്ള എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും സീനിയർ സൂപ്രണ്ട് തസ്തികകൾ നിലനിൽക്കുകയാണ്. എന്നാൽ കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സീനിയർ സൂപ്രണ്ട്, ക്ലാർക്ക് എന്നീ തസ്തികകൾ കാലങ്ങളായി ഒഴിഞ്ഞുകിടക്കുന്നതിനാൽ ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ താളം തെറ്റിയിരിക്കുകയാണ്. കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ യഥാസമയം ശമ്പളം കൊടുക്കുവാനോ മറ്റു പ്രവർത്തനങ്ങൾ നടത്തുവാനോ സാധിക്കാത്ത ഒരു സാഹചര്യമാണ്

കാണപ്പെടുന്നത്. ആയതിനാൽ കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ച് അടിയന്തരമായി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കി മുന്നോട്ടുപോകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന സ്കൂളുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഓഫീസുകളുടെ തസ്തികകൾ സർക്കാർ അനുവദിച്ചു നൽകിയിട്ടുള്ളത്. ആയതിൻപ്രകാരം താഴെപ്പറയുന്ന തസ്തികകൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഉണ്ടായിരിക്കുന്നതാണ്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ - ഒന്ന്, സീനിയർ സൂപ്രണ്ട് - ഒന്ന്, ക്ലാർക്കുമാർ - അഞ്ച്, ഓഫീസ് അറ്റൻഡന്റ് - ഒന്ന്, ഫുൾടൈം മീനിയൽ - ഒന്ന്, ടൈപ്പിസ്റ്റ് - ഒന്ന്. പുതിയതായി തസ്തിക സൃഷ്ടിക്കാതെ പുനർ വിന്യാസത്തിലൂടെ തസ്തികകൾ നികത്തപ്പെടണമെന്ന വ്യവസ്ഥയോടെ സർക്കാർ ഉത്തരവിലൂടെ കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് സൃഷ്ടിച്ച് സർക്കാർ ഉത്തരവായി. പുനർ

വിന്യാസത്തിലൂടെ കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഈ ഓഫീസ് പ്രവർത്തനം ആരംഭിച്ചു. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ - ഒന്ന്, ഹെഡ് ക്ലാർക്ക് - ഒന്ന് ക്ലാർക്കുമാർ - നാല്, ഓഫീസ് അറ്റൻഡന്റ് - ഒന്ന്, ടൈപ്പിസ്റ്റ് - ഒന്ന്. മേൽപ്പറഞ്ഞ തസ്തികകളിൽ നിലവിൽ ജീവനക്കാർ സേവനം അനുഷ്ഠിച്ചു വരുന്നു. സർക്കാർ 04.05.2015-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉച്ചഭക്ഷണ പദ്ധതിയുടെ മാനേജ്മെന്റ്, മോണിറ്ററിംഗ്, ഇവാല്യുവേഷൻ എന്നീ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും ഒരു നൂൺമീൽ ഓഫീസർ - ജൂനിയർ സൂപ്രണ്ടിന് സമാനമായ തസ്തിക അനുവദിച്ചിരുന്നു. ഉപജില്ലാ വിദ്യാഭ്യസ ഓഫീസുകളിലെ നിലവിലുള്ള ഒരു ക്ലാർക്കിന്റെ തസ്തിക അപ്ഗ്രേഡ് ചെയ്താണ് നൂൺമീൽ ഓഫീസർ തസ്തിക സൃഷ്ടിച്ചത്. ആയതിൻപ്രകാരം കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഒരു ക്ലാർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്ത് ഒരു നൂൺമീൽ ഓഫീസർ തസ്തിക

അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് മീഞ്ചന്ത ഹയർ സെക്കന്ററി സ്കൂളിലെ ഹെഡ് ക്ലാർക്ക് തസ്തിക തൽക്കാലമായി പുനർവിന്യസിച്ച് കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ഹെഡ് ക്ലാർക്ക് തസ്തിക അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇപ്പോൾ ഈ ഓഫീസിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ കൂടാതെ ഒരു ജൂനിയർ സൂപ്രണ്ട്, ഒരു ഹെഡ് ക്ലാർക്ക്, മൂന്ന് ക്ലാർക്കുമാർ, ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ നിലവിലുണ്ട്. ഇതുകൂടാതെ കൊടുവള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ഒരു സീനിയർ സൂപ്രണ്ട് തസ്തികകൂടി സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.